(സി) ഇല്ല.

(ഡി) കൺസൾട്ടന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും നവീകരണം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്.

പമ്പാനദിയെ മാലിന്യവിമുക്തമാക്കുന്നതിന്. പദ്ധതി

*30 [80] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ നദീസംരക്ഷണ പദ്ധതിയിലേക്ക് കേരളത്തിൽ നിന്നും ഏതെങ്കിലും നദി തെരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ പമ്പയിലെ മാലിന്യത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പമ്പാ നദിയെ മാലിന്യവിമുക്തമാക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ ഈ പദ്ധതി ഏതു ഘട്ടം വരെയായി എന്നു വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ഒരു വലിയ വിഭാഗം ജനങ്ങളുടെ ജീവൽപ്രശ്നമായ പമ്പയുടെ പുനരുജ്ജീവനം സമയബന്ധിതമായി നടപ്പിലാക്കുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ദേശീയ നദീസംരക്ഷണ പദ്ധതിയിലേക്ക് കേരളത്തിൽ നിന്നും പമ്പാ നദിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പമ്പാ നദിയിലെ മാലിന്യത്തെക്കുറിച്ചും അവ വിമുക്തമാക്കുന്നതിനെക്കുറിച്ചും പഠനം നടത്തി "പമ്പാ ആക്ഷൻ പ്ലാൻ" എന്ന സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാ. ി കേന്ദ്ര പരിസ്ഥിതി-വനം വകുപ്പ് മന്ത്രാലയത്തിന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 319.70 കോടി രൂപ മതിപ്പു ചെലവു പ്രതീക്ഷിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. കേന്ദ്ര സർക്കാർ പ്രസ്തുത പദ്ധതിക്ക് 18.45 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പമ്പയിലെ മാലിന്യ നിലവാരം കുറയ്ക്കുന്നതിനു 18.45 കോടി രൂപയുടെ 12 പ്രവൃത്തികൾക്ക് ചില നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ സംസ്ഥാനവിഹിതമായ 30 ശതമാനം തുക കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിന് 18-11-2003-ലെ സർക്കാർ ഉത്തരവ് (ആർ. ടി. നമ്പർ 1409/2003/ഡബ്ല്യു. ആർ. ഡി.) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസിയായി കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നിർവഹണത്തിന്റെ നിരീക്ഷണത്തിനായി 19-12-2003-ലെ സർക്കാർ ഉത്തരവ് (ആർ. ടി 1538/2003/ജലവിവ.) പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ കൊല്ലം സർക്കിൾ ഓഫീസിലെ സൂപ്രണ്ടിംഗ് എൻജിനീയർ ചെയർമാനായി ഒരു നാലംഗ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 2003-04 സാമ്പത്തിക വർഷത്തെ കേന്ദ്രസർക്കാർ വിഹിതമായ 2.45 കോടി രൂപ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ തുടങ്ങിക്കഴിഞ്ഞു.

ഇപ്പോൾ അനുമതി ലഭിച്ച പ്രവൃത്തികളിൽ ഒന്നായ പമ്പയിലെ കുളിക്കടവ് നിർമ്മാണം ഇതിനകം ഏറ്റെടുത്തിട്ടുണ്ട്.

(ഇ) കേന്ദ്ര സർക്കാരിന്റെ അംഗീകാരം അനുസരിച്ച് 2003-04 സാമ്പത്തിക വർഷം മുതൽ അഞ്ചു വർഷം കൊണ്ടാണ് കേന്ദ്ര സർക്കാർ വിഹിതം നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതു മൂന്നുവർഷമായി ചുരുക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിനാൽ നാലു വർഷംകൊണ്ട് പദ്ധതി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly